I/137418/2023

"ഭരണഭാഷ - മാതൃഭാഷ"

DSLR/1480/2023-A4

സർവ്വെയുംഭൂരേഖയുംവകുപ്പ്
സർവ്വെ ഡയറക്ടറുടെ കാര്യാലയം
വഴുതക്കാട്, തിരുവനന്തപുരം-14
Ph:0471-2325266,Fax:2338210
Email:dir-tvm.syr@kerala.gov.in
dydir1-tvm.syr@kerala.gov.in

തീയതി:13-06-2023

<u>വിജ്ഞാപനം</u>

വിഷയം: സർവ്വെയുംഭൂരേഖയുംവകുപ്പ്- ജീവനക്കാര്യം- പൊതുസ്ഥലമാറ്റം 2023 - അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നത് സംബന്ധിച്ച്

സൂചന: (1) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25/02/2017 ലെ സ.ഉ(പി) 3/2017 നം. സർക്കാർ ഉത്തരവ്.

(2) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 05/04/2018 ലെ സ.ഉ (കൈ) 10/2018 നം. സർക്കാർ ഉത്തരവ്.

(3) റവന്യൂ (ഇ) വകുപ്പിന്റെ 10/04/2023 ലെ 76/2023/RD നം. സർക്കാർ ഉത്തരവ്.

*************

സർവ്വെയും ഭൂരേഖയും വകുപ്പിലെ സർവ്വെ സൂപ്രണ്ട് , ടെക്നിക്കൽ അസിസ്റ്റന്റ്, ഹെഡ് സർവ്വെയർ, ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, ഒന്നാംതരം , രണ്ടാംതരം സർവ്വെയർ, ഒന്നാംതരം , രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ എന്നീ തസ്തികകളിൽ വിവിധ കാര്യാലയങ്ങളിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാരുടെ 2023 വർഷത്തെ പൊതു സ്ഥലമാറ്റം ഓൺലൈനായി നടത്തുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സർവ്വെ വകുപ്പിന്റെ വെബ് പോർട്ടലായ esurvey.dslr.kerala.gov.in ൽ വ്യക്തിഗത User idയും Password - ഉം ഉപയോഗിച്ച് ചുവടെ പറയുന്ന വിഭാഗം ജീവനക്കാർക്ക് ഓൺ ലൈനായി 13-06-2023 **മുതൽ 19-06-2023 രാത്രി 12 മണിവരെ** പൊതു സ്ഥലമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്.

1. പൊതുവായ സ്ഥലമാറ്റത്തിന് (General Transfer) അർഹതയുള്ളവർ
2. ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തിയായി എന്ന കാരണത്താൽ മറ്റൊരു സ്റ്റേഷനിലേക്ക് അപേക്ഷിക്കുന്നവർ
3. സ്വന്തം ജില്ലയിൽ 3 വർഷം പൂർത്തിയാക്കാതെ സ്ഥാനക്കയറ്റം മുഖേന സ്ഥലം മാറ്റപ്പെട്ടവർ.
4. അനുകമ്പാർഹ കാരണങ്ങളാൽ സ്ഥലം മാറ്റത്തിന് അർഹതയുള്ളവർ.

5. രണ്ട് വർഷത്തിനുള്ളിൽ വിരമിക്കൽ(Retirement in two years)
6. ഇടുക്കി / വയനാടി ജില്ലകളിൽ അപേക്ഷാകാലയളവിൽ രണ്ട് വർഷം സേവനം പൂർത്തിയാക്കിയിട്ടുള്ളവർ.
7. മറ്റ് വിഭാഗം അപേക്ഷ പരിഗണിച്ച ശേഷം ഒഴിവുകളുണ്ടെങ്കിൽ.

അപേക്ഷകൻ സ്വന്തം ജില്ല വിട്ട് സ്ഥലം മാറ്റപ്പെട്ട ജില്ലകളിൽ /കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ **2023 ഏപ്രിൽ 30** വരെയുള്ള ആകെ കാലയളവാണ് സ്ഥലംമാറ്റത്തിനുള്ള യോഗ്യകാലമായി കണക്കാക്കുന്നത്. (പ്രസ്തുത കാലയളവിനുള്ളിൽ സ്വന്തം ജില്ലയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി നോക്കിയ കാലയളവും നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ശൂന്യവേതന അവധി ഡെപ്യൂട്ടേഷൻ കാലയളവും ഒഴിവാക്കുന്നതാണ്.)

ജീവനക്കാർ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ അതത് ദിവസം തന്നെ ബന്ധപ്പെട്ട ഡി.ഡി.ഓ മാർ സൂക്ഷമ പരിശോധന നടത്തി സർവ്വെ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ഡി.ഡി.ഓ മാർ **22-06-2023ന് രാത്രി 12 മണിക്ക്** മുമ്പായി ലഭിച്ച എല്ലാ അപേക്ഷകളും സർവ്വെ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നവർ ചുരുങ്ങിയത് ആറ് മാസത്തിനുള്ളിൽ ലഭിച്ചിട്ടുള്ള **<u>അംഗീകൃത മെഡിക്കൽ സർട്ടിഫിക്കറ്റുകൾ</u>** അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്ഥലമാറ്റത്തിന് പരിഗണിക്കുകയുള്ളൂ. മെഡിക്കൽ സർട്ടിഫിക്കറ്റുകൾ അല്ലാതെ മരുന്ന് കുറിപ്പടികൾ , സത്യപ്രസ്താവനകൾ , മറ്റ് രേഖകൾ എന്നിവ യാതൊരു കാരണവശാലും പരിഗണിക്കുന്നതിനായി അറ്റാച്ച് ചെയ്യാവുന്നതല്ല.

തങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലംമാറ്റം ആവശ്യമുള്ള എല്ലാ ജീവനക്കാരുടെയും അപേക്ഷകൾ സമയപരിധിക്കുള്ളിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട് എന്ന് അതാത് കാര്യാലയ മേധാവിമാർ ഉറപ്പാക്കേണ്ടതും പൊതുസ്ഥലംമാറ്റ അപേക്ഷകളുടെ ഒരു സംക്ഷിപ്തം പട്ടിക തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഒരു പകർപ്പ് ഈ കാര്യാലയത്തിന് കൈമാറേണ്ടതുമാണ്. യാതൊരു കാരണവശാലും സമയപരിധി ദീർഘിപ്പിക്കുന്നതല്ല. അപേക്ഷകൾ സമർപ്പിക്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾക്കും, സംശയനിവാരണത്തിനും സർവ്വെ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട വിഭാഗം ജീവനക്കാരുടെ 9745316085, 8547102585 & 9497409997 എന്നീ മൊബൈൽ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. അപൂർണമായും സർക്കാർ ഉത്തരവുകൾ പ്രകാരമല്ലാതെയും സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(ഒപ്പ്)
സർവ്വെ ഡയറക്ടർ

എല്ലാ ജില്ലാ കളക്ടർമാർക്കും
അഡീഷണൽ ഡയറക്ടർക്ക് /ഡയറക്ടറുടെ സി.എക്ക്
എല്ലാ റീജിയണൽ ജോയിന്റ് / ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി

എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ റീസർവ്വെ സൂപ്രണ്ടുമാർക്കും
സർവേ വകുപ്പിലെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്